## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2613** | **17.06.2019** -ന് മറുപടിയ്ക്ക്

### ജാതി/സമുദായ സർട്ടിഫിക്കറ്റിന് കട്ട് ഓഫ് തീയതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വിൻസെന്റ് :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജാതി / സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏതെല്ലാം ഒ.ബി.സി. വിഭാഗങ്ങൾക്കാണ് കട്ട് ഓഫ് തീയതി അടിസ്ഥാനമായി നിശ്ചയിച്ചിട്ടുള്ളത് ; | (എ) SIUC നാടാർ / LC വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 1947 -ന് മുൻപ് മതപരിവർത്തനം നടത്തിയവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ അർഹതയുള്ളൂ എന്ന ഉത്തരവ് നിലവിലുണ്ട്. |
| (ബി) ഇപ്രകാരം കട്ട് ഓഫ് തീയതി നിശ്ചയിക്കപ്പെട്ട സർക്കാർ തീരുമാനമടങ്ങിയ ഫയൽ നമ്പർ ഏത് എന്ന് വ്യക്തമാക്കാമോ ; | (ബി) ഇപ്രകാരം കട്ട് ഓഫ് തീയതി സ.ഉ.(എം.എസ്) നം.113/2010/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരമാണ് നിശ്ചയിച്ചത്. |
| (സി) ഉത്തരവുകളിലും കത്തുകളിലും കാണിച്ചിട്ടുള്ള കട്ട് ഓഫ് തീയതികളിൽ വ്യത്യാസവും അവ്യക്തതയും ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ? | (സി) ഉത്തരവുകളിലും കത്തുകളിലും കാണിച്ചിട്ടുള്ള കട്ട് ഓഫ് തീയതികളിൽ വ്യത്യാസവും അവ്യക്തതയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലാറ്റിൻ കത്തോലിക്ക വിഭാഗത്തെ സംബന്ധിച്ച് സ.ഉ, (എം.എസ്) നം.113/2010/പ.ജ.പ.വ.വി.വ, തീയതി 04.11.2010 പ്രകാരം ആണ് 1947 എന്ന വർഷം കട്ട് ഓഫ് തീയതിയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 04.04.2012 -ലെ സ.ഉ.(കൈ)നം.55/2012/പ.ജ.പ.വ.വി.വ.<br>ഉത്തരവിൽ ലാറ്റിൻ കത്തോലിക്ക വിഭാഗത്തിലുള്ളവർക്ക് ബിഷപ്പ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ ലഭ്യമാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്ന ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(.....2)

SIUC വിഭാഗത്തെ സംബന്ധിച്ച് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് 27.09.1947 -ന് മുൻപ് SIUC വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന വരാണെന്ന് ബിഷപ്പിന്റെ (SIUC) സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി പരിഗണിച്ച് വില്ലേജ് ഓഫീസർ നടത്തുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് 30.08.2013-ലെ സ.ഉ.(എം.എസ്)നം.09/2013/പി.സ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

Bindu T

സെക്ഷൻ ഓഫീസർ